ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് ബസ്-ക്രൂ-ഗാരേജ് സിസ്റ്റം അനുസരിച്ച് 'ക്രൂ'-വിന്റെ അപര്യാപ്തതയുണ്ട്.

(ബി) എംപാനൽ വ്യവസ്ഥയിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയോഗിക്കപ്പെട്ടിരിക്കുന്ന ഈ വിഭാഗങ്ങളിലെ താൽക്കാലിക ജീവനക്കാരെക്കൂടി ഉൾപ്പെടുത്തിയാൽത്തന്നെയും അനുവദിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡമനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ 58 മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും 359 ഡ്രൈവർമാരുടേയും 216 കണ്ടക്ടർമാരുടേയും കുറവുണ്ട്.

(സി) 2001 വർഷം വരെ റിട്ടയർമെന്റ് മൂലം ഉണ്ടാകുന്ന ഒഴിവുകൾ കണക്കുകൂട്ടി പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. ഈ ഒഴിവുകൾ അടിയന്തിരമായി പരിഹരിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ലേണേഴ്സ് ടെസ്റ്റിനുള്ള എഴുത്ത് പരീക്ഷ

119 (1174) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേണേഴ്സ് ടെസ്റ്റിനുള്ള എഴുത്ത് പരീക്ഷ എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും പരിധിയിൽക്കൂടി നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനായി നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ കേരളത്തിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ വച്ചാണ് ലേണേഴ്സ് ടെസ്റ്റിനുള്ള എഴുത്തുപരീക്ഷ നടത്തുന്നത് ;

(ഇ) ഇനി പുതുതായി ഏതെങ്കിലും കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ;

(എഫ്) ഇവയുടെ വിശദമായ ലിസ്റ്റ് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നടത്തുന്നുണ്ട്.

(ബി) ലേണേഴ്സ് ലൈസൻസ് കിട്ടുന്നതിന് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 6-11-1999 മുതൽ ലേണേഴ്സ് ടെസ്റ്റ് നടത്തുന്നതിന് വേണ്ട ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ സ്കൂളുകളുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മാദ്ധ്യമങ്ങൾ മുഖാന്തിരം വലിയ പബ്ലിസിറ്റി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേരളത്തിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ജോയിന്റ് ആർ.ടി. ഓഫീസുകളുടെയും പരിധിയിലുള്ള പ്രത്യേകം കേന്ദ്രങ്ങളിൽ വച്ച് ലേണേഴ്സ് ടെസ്റ്റിനുള്ള എഴുത്ത് പരീക്ഷ നടത്തുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

റീജിയണൽ വർക്ക്ഷാപ്പ്

120 (1175) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശാലയിൽ 1984-ൽ ആരംഭിച്ച റീജിയണൽ വർക്ക് ഷാപ്പിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. പൊന്നും വിലയ്ക്ക് എടുത്ത 8 ഏക്കർ 50 സെന്റ് സ്ഥലം സംരക്ഷിക്കാത്തതു കാരണം ഇന്നു സാമൂഹ്യവിരുദ്ധരുടെ വിഹാരരംഗമായി മാറിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷാപ്പിന്റെ പണി ഉടൻ ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പാറശാലയിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള സ്ഥലത്തു 160 ലക്ഷം രൂപ മതിപ്പു ചെലവുള്ള ഒരു റീജിയണൽ വർക്കുഷാപ്പു സ്ഥാപിക്കുന്നതിനു കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ത്രിതല പഞ്ചായത്തുകൾവഴി ഇതിനാവശ്യമായ ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ചങ്ങനാശ്ശേരിയിലെ റീജിയണൽ ഓഫീസ്

121 (1176) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ചങ്ങനാശ്ശേരിയിലെ റീജിയണൽ ഓഫീസിന് ആവശ്യമായ കെട്ടിട സൗകര്യമില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly